(സി) ഇല്ല. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി പ്രവർത്തനം വിലയിരുത്തി വരുന്നു.

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ട് ഉപയോഗിച്ച് പൈതൃക വികസനം

18 (*648) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ട് ഉപയോഗിച്ച് പൈതൃക വികസനം നടപ്പാക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിരുന്നുവോ ;

(ബി) 2009-2010 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് എന്തൊക്കെ പൈതൃക വികസന സംരംഭങ്ങൾ നടത്താനായി എന്നറിയിക്കുമോ ;

(സി) കോട്ടപ്പുറം, പറവൂർ, ചേന്ദമംഗലം ചന്തകളുടെ പൈതൃക വികസന പരിപാടിയിൻകീഴിൽ ഇവിടെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടത്താനായി എന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ടിൽ നിന്നും എന്തു തുക ചെലവായി ;

(ഇ) ഈ വർഷം പ്രസ്തുത പദ്ധതിയനുസരിച്ച് എന്തൊക്കെ പൈതൃക വികസന പരിപാടികളാണ് ആരംഭിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(എഫ്) ഇതിനായി ഈ വർഷം എന്തു തുക പ്രസ്തുത ഫണ്ടിൽ നിന്നും വിനിയോഗിക്കുമെന്ന് വ്യക്തമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ & ബി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഭാഗമായി പ്രമുഖ വ്യാപാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നുണ്ട്. അപ്രകാരം മുസിരിസ് പൈതൃക വികസന പദ്ധതിക്കായി തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ ഫണ്ട് ഉപയോഗിച്ച് കോട്ടപ്പുറം ചന്തയുടെ വാട്ടർ ഫ്രണ്ട് ഏര്യാ വികസനത്തിനായി 2,69,30,000 രൂപയും (രണ്ടു കോടി അറുപത്തി ഒൻപത് ലക്ഷത്തി മുപ്പതിനായിരം രൂപ) കോട്ടപ്പുറം മാർക്കറ്റിലെ നടപ്പാത, ഡ്രൈവ് വേ എന്നിവയുടെ വികസനത്തിനായി 2,17,50,000 രൂപയും (രണ്ടു കോടി പതിനേഴ് ലക്ഷത്തി അൻപതിനായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 4,00,00,000 രൂപ (നാല് കോടി രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ഇ & എഫ്) ഈ ഫണ്ടുപയോഗിച്ച് ഈ വർഷം പൈതൃക വികസന പരിപാടികൾ ആസൂത്രണം ചെയ്തിട്ടില്ല.

വാഹനങ്ങൾ ഉപയോഗപ്പെടുത്തിയുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നത് തടയാൻ നടപടി

19 (*649) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള വാഹന വർക്ക്ഷോപ്പുകളെ നിരീക്ഷിക്കാൻ നിലവിൽ സർക്കാർ സംവിധാനമുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എല്ലാ വർക്ക് ഷോപ്പ് ഉടമകൾക്കും അറിയിപ്പ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും വരുന്ന വാഹന വർക്ക്ഷോപ്പുകളുടെ വിവരങ്ങൾ അതാത് പോലീസ് സ്റ്റേഷനുകളിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ഡി) വാഹനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നത് കണക്കിലെടുത്ത്, വാഹന വർക്ക്ഷോപ്പുകളുടെ നിരീക്ഷണം കർശന മായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) ഉണ്ട്. വർക്ക്ഷോപ്പുകൾ കുറ്റകൃത്യങ്ങൾ നടത്തുന്നതിനുള്ള ഒരു മറയാകാതിരിക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ എല്ലാ എസ്.എച്ച്.ഒ. മാരോടും അവരുടെ അധികാരപരിധിയിൽ വരുന്ന ആട്ടോമൊബൈൽ വർക്ക് ഷോപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കണമെന്നും, അവയുടെ വിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ് സൂക്ഷിക്കണമെന്നും ബന്ധപ്പെട്ട ആട്ടോമൊബൈൽ വർക്ക്ഷോപ്പുകളുടെ ഉടമസ്ഥൻമാരോട് അവരുടെ വർക്ക്ഷോപ്പുകളിൽ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങളെ സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കുവാൻ ഉപദേശിക്കണമെന്നും നിർദ്ദേശിച്ചു കൊണ്ട് 14-4-2010-ൽ 22/10 നമ്പരായി പോലീസ് ഡയറക്ടർ ജനറൽ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നൽകിയിട്ടുണ്ട്.

(സി) രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly